പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1338 15/06/2012-ൽ മറുപടിക്ക്

## കെട്ടിട നികുതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്: | | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നികുതി നിർദ്ദേശം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | 14/01/2011-ലെ സ.ഉ. നം.17/2011/തസ്വഭവ പ്രകാരം മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ച.മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധികൾ നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കൊമേഴ്സ്യൽ ബിൽഡിംഗുകൾക്ക് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന നികുതിയിൽ ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പരിശോധിച്ചു വരുന്നു. |
| (സി) വാടക കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിർദ്ദേശം പുന:പരിശോധിക്കാൻ തയ്യാറാകുമോ; | (സി) | |
| (ഡി) വീടുകളിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ

തിരുവനന്തപുരം

©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
അസാധാരണം

## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 14th January 2011<br>2011 ജനുവരി 14<br>24th Pousha 1932<br>1932 പൌഷം 24 | No.<br>നമ്പർ 79 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അ.) നമ്പർ 17/2011/തസ്വഭവ. *തിരുവനന്തപുരം, 2011 ജനുവരി 14.*

എസ്. ആർ. ഒ. നമ്പർ 34/2011.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 233-ാം വകുപ്പ് (2)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ താഴെ പട്ടികയിൽ അതതിന് നേരെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കുമെന്നും പ്രസ്തുത നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുന്നതാണെന്നും ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

33/188/2011/DTP.

## പട്ടിക

### ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | മുനിസിപ്പൽ കൗൺസിൽ | | മുനിസിപ്പൽ കോർപ്പറേഷൻ | |
|---|---|---|---|---|---|
| | | ഏറ്റവും കുറഞ്ഞ നിരക്ക് ₹ | ഏറ്റവും കൂടിയ നിരക്ക് ₹ | ഏറ്റവും കുറഞ്ഞ നിരക്ക് ₹ | ഏറ്റവും കൂടിയ നിരക്ക് ₹ |
| (1) | (2) | (3) | (4) | (5) | (6) |
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 6 | 15 | 8 | 20 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ | | | | |
| | (i) 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 | 70 | 60 | 90 |
| | (ii) 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 | 90 | 90 | 120 |
| | (iii) 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 40 | 70 | 60 | 90 |
| | (iv) 200 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 90 | 140 | 100 | 160 |
| | (v) ബങ്കുകൾ, പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 40 | 70 | 60 | 90 |
| 3 | ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 | 70 | 60 | 90 |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 6 | 15 | 8 | 20 |
| 5 | ആശുപത്രികൾ | 6 | 15 | 8 | 20 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് | 30 | 50 | 40 | 60 |



| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 7 | വ്യവസായാവശ്യത്തിനുള്ളവ | 15, | 30 | 20 | 40 |
| | (i) കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ്സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ | | | | |
| | (ii) ഇതര വ്യവസായാവശ്യത്തിനുള്ളവ | 50 | 70 | 70 | 90 |
| 8 | റിസോർട്ടുകൾ | 80 | 90 | 80 | 90 |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 30 | 50 | 40 | 60 |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 400 | 500 | 400 | 500 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 233-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിലേക്കായി അവയുടെ ഉപയോഗക്രമത്തിനനുസരിച്ച്, ഓരോയിനം കെട്ടിടത്തിന്റെയും ഉപ വിഭാഗങ്ങളുടെയും ഒരു ച. മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും, അവ പ്രാബല്യത്തിൽ വരുന്ന തീയതിയും വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കേണ്ടതാണെന്ന് 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റിൽ (2009-ലെ 30) വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അപ്രകാരം വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.